"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ. കൃഷ്ണകുമാർ. എസ് തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായിരുന്നപ്പോൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പൂർണ്ണ അധികചുമതല വഹിച്ചിരുന്ന കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.205/2026/TAXES തീയതി, തിരുവനന്തപുരം, 18-02-2026**

---

പരാമർശം:-
1. 11.07.2017-ലെ സ.ഉ.(അച്ചടി) നം. 88/2017/ധന
2. എക്സൈസ് കമ്മീഷണറുടെ 15.06.2024-ലെ EXC/3158/2024-XD4 ഉത്തരവ്
3. 25.08.2024-ലെ സ.ഉ.(സാധാ)നം.784/2024/നികുതി
4. എക്സൈസ് കമ്മീഷണറുടെ 04.12.2024-ലെ EXC/5565/2022-XD4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ. കൃഷ്ണകുമാർ എസ്.ന് തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായിരുന്നപ്പോൾ തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പൂർണ്ണ അധികചുമതല നൽകികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും, പ്രസ്തുത ഉത്തരവ് പരാമർശം (3) പ്രകാരം സർക്കാർ സാധൂകരിച്ചിട്ടുള്ളതുമാണെന്നും അധികചുമതല വഹിച്ചിരുന്ന കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് ശ്രീ. കൃഷ്ണകുമാർ എസ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. കൃഷ്ണകുമാർ എസ്. 19/06/2024 FN മുതൽ 05/09/2024 AN വരെ തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ എല്ലാ ചുമതലകളും പൂർണ്ണമായും

നിർവ്വഹിച്ചിട്ടുള്ളതാണെന്നും അതിനാൽ, അധികചുമതല വഹിച്ച പ്രസ്തുത കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

**2)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. കൃഷ്ണകമാർ എസ്. തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായിരുന്നപ്പോൾ തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പൂർണ്ണ അധികചുമതല വഹിച്ചിരുന്ന 19.06.2024 മുതൽ 05.09.2024 വരെയുള്ള കാലയളവിൽ അധികതസ്തികയുടെ സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ കെ.എസ്.ആർ. ഭാഗം I ചട്ടങ്ങൾ 53 (b) (2) [പരാമർശം (1) പ്രകാരം ഭേദഗതി ചെയ്തതനുസരിച്ച്], 53 A (II)(c), 53 (c) എന്നിവ പ്രകാരം ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ. കൃഷ്ണകമാർ എസ്., ജോയിന്റ് എക്സൈസ് കമ്മീഷണർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ് (12.02.2026-ലെ EXP-B1/660/2025-FIN പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/202/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 18-02-2026 17:31:08